<u>പതിമൂന്നാം കേരള നിയമസഭ</u>

<u>എട്ടാം സമ്മേളനം</u>

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 41 19.3.2013 ലെ മറുപടിക്ക്

## ഇറച്ചിക്കോഴിക്കുള്ള പ്രവേശന നികുതി തട്ടിപ്പ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.റ്റി. എ. റഹീം<br>ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)<br>ശ്രീ. കെ. രാധാകൃഷ്ണൻ<br>ശ്രീ. കെ.വി. വിജയദാസ് | | ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും<br>ഭവന നിർമ്മാണവും വകുപ്പു മന്ത്രി) | |
| (എ) | അന്യസംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന ഇറച്ചിക്കോഴിക്കുള്ള പ്രവേശന നികുതിയിൽ ഇളവുവരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ ; | (എ), (ബി), (സി), & (ഡി) | ബഹുമാനപ്പെട്ട കേരള ഹൈക്കോടതി 18.12.2006 ലെ വിധി പ്രകാരം പ്രവേശന നികുതി അസ്ഥിരപ്പെടുത്തുകയുണ്ടായി. ആയതിൻപ്രകാരം ഇറച്ചിക്കോഴിക്ക് സംസ്ഥാനത്ത് നിലവിൽ പ്രവേശന നികുതി ചുമത്താറില്ല. |
| (ബി) | തമിഴ്നാട്ടിലെ കോഴികൃഷിക്കാർക്ക് വേണ്ടി കോഴിയുടെ പ്രവേശന നികുതി നിരക്ക് കുറയ്ക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ ; | | |
| (സി) | അന്യ സംസ്ഥാനങ്ങളിൽ നിന്നുള്ള കോഴി അനധികൃതമായി എത്തിച്ച് സംസ്ഥാനത്തെ കോഴിവളർത്തൽ കേന്ദ്രങ്ങളുടെ പേരിൽ വില്പന നടത്തി പ്രവേശന നികുതി വെട്ടിപ്പ് നടത്തി വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത്തരത്തിലുള്ള വെട്ടിപ്പുകൾ തടയാൻ റെയ്ഡ് ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; | | |
| (ഡി) | ഈ സർക്കാർ അധികാരമേറ്റ ശേഷം പ്രവേശന നികുതി വെട്ടിപ്പുകൾ സംബന്ധിച്ച എത്ര കേസ്സുകൾ കണ്ടെത്തുകയുണ്ടായി ; ഇതുവഴി എത്ര കോടി രൂപയുടെ നികുതി നഷ്ടം ഉണ്ടായി ; വിശദമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ